Document 2017/101/3364 - GENERAL - File No. 2016/101/1395
Approved by Director on 21/03/2017 17:12:35
http://www.kilaonline.org/
QEwX-raH-oqFH-ximrN
KILA,Mulankunnathukkavu , Thrissur

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
**മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ–680 581**

## പത്രപ്പരസ്യം

നമ്പർ : 2016/101/1395 തീയതി : 20.03.2017

## കൊട്ടേഷൻ/പുനർ ലേല നോട്ടീസ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ഉടമസ്ഥതയിലുള്ള 1999 മോഡൽ KL-08/N-381 നമ്പർ ഡീസൽ ടാറ്റാ സുമോ 18.04.2017 തീയതി പൊതുലേലത്തിലോ കൊട്ടേഷനിലോ വിൽപ്പന നടത്തുന്നതാണ്. ഇതു സംബന്ധിച്ച നിബന്ധനകൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കൂടാതെ www.kila.ac.in എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

ഡയറക്ടർ

Document 2017/101/3364 - GENERAL - File No. 2016/101/1395
Approved by Director on 21/03/2017 17:12:35
http://www.kilaonline.org/
QEwX-raH-oqFH-ximrN
KILA,Mulankunathukkavu , Thrissur

നമ്പർ : 2016/101/1395 തീയതി : 20.03.2017

## ലേല-ക്വൊട്ടേഷൻ നോട്ടീസ്

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) താഴെ പറയുന്ന വാഹനം നിലവിലുള്ള കണ്ടീഷനിൽ 18.04.2017 പകൽ 3.00 മണിക്ക് പൊതു ലേലത്തിലോ ക്വൊട്ടേഷനിലോ വിൽപ്പന നടത്തുന്നതാണ്. ക്വൊട്ടേഷനുകൾ ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ കവറിന്റെ പുറത്ത് 'KL-08/N-381 ടാറ്റാ സുമോ ക്വൊട്ടേഷൻ' എന്ന് രേഖപ്പെടുത്തി 18.04.2017 തീയതി രാവിലെ 11 മണിക്ക് മുമ്പായി ഈ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കേണ്ടതാണ്.

അതോടൊപ്പംതന്നെ അന്നേ ദിവസം 3.00 മണിക്ക് അതേ വാഹനം പൊതുവിൽ മത്സരാടിസ്ഥാനത്തിൽ കില ആഫീസിൽ വച്ച് "കില" ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്യുന്നതുമാകുന്നു.

ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം ഓഫീസ് അവധിയായാൽ അടുത്ത പ്രവൃത്തി ദിവസം നേരത്തേ നിശ്ചയിച്ചിരിക്കുന്ന സമയങ്ങളിൽ തന്നെ ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതും ലേലം നടത്തുന്നതുമാകുന്നു. യാതൊരു കാരണവശാലും ലേല ദിവസം രാവിലെ 11 മണിക്കുശേഷം ലഭിക്കുന്ന ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

### ലേലവസ്തു വിവരം

| | | |
|---|---|---|
| 1999 മോഡൽ ടാറ്റാ സുമോ | : | KL-08/N-381 (സ്റ്റെപ്പിനി ടയർ, ജാക്കി, ലിവർ, വീൽ, സ്പാനർ ഉൾപ്പെടെ) |
| എഞ്ചിൻ നമ്പർ ഡീസൽ എഞ്ചിൻ | : | 483DL41 CQQ719994 |
| നിരതദ്രവ്യം | : | 2,500/- രൂപ |
| ലേലദിവസവും സമയവും | : | 18.04.2017, പകൽ 3.00 മണി |

ദർഘാസ് (ക്വൊട്ടേഷൻ) നൽകുന്ന വ്യക്തിയുടെ ഐഡിന്റിറ്റി കാർഡിന്റെ (ഇലക്ഷൻ കമ്മീഷൻ നൽകിയിട്ടുള്ളത്) ഫോട്ടോസ്റ്റാറ്റ് അടക്കം ചെയ്യേണ്ടതാണ്. ടി കാർഡ് ലഭിച്ചിട്ടില്ലാത്തപക്ഷം ആധാർ കാർഡ്/റേഷൻകാർഡിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് അടക്കം ചെയ്യേണ്ടതാണ് (പേര്, വീട്ടുപേര്, വയസ്സ് മുതലായവ അടങ്ങിയിട്ടുള്ളത്). കൂടാതെ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തി മേൽപറഞ്ഞ തിരിച്ചറിയൽ കാർഡിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണ്.

ക്വൊട്ടേഷനോടൊപ്പം പട്ടികയിൽ കാണിച്ചതുപോലെ 2,500 രൂപ നിരതദ്രവ്യം 'ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, മുളങ്കുന്നത്തുകാവ്, തൃശൂർ' എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് (മുളങ്കുന്നത്തുകാവ്/തൃശൂർ മാറത്തക്കവിധം) ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്ത ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

കില

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലത്തിനു മുമ്പായി 2,500 രൂപ വീതം നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ലേലം കഴിഞ്ഞാലുടൻ വിജയിക്കാത്ത/ലേലംകൊള്ളാത്ത ലേലക്കാരന് നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ലേലത്തിനുശേഷം ക്വൊട്ടേഷനുകൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലത്തുകയോ ക്വൊട്ടേഷൻ തുകയോ ഏതാണ് കൂടുതൽ വരുന്നത് ആയതിന് താല്ക്കാലികമായി ഉറപ്പിക്കുന്നതും ലേലം/ക്വൊട്ടേഷൻ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലം/ക്വൊട്ടേഷൻ കൊണ്ടയാൾ ലേലസ്ഥലത്തുവച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. സ്ഥിരപ്പെടുത്തി കിട്ടുന്നവർ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 7 ദിവസത്തിനകം ബാക്കി തുകയും നിലവിലുള്ള വിൽപ്പന നികുതിയും അടയ്ക്കേണ്ടതുമാണ് (നിരതദ്രവ്യം ഉൾപ്പെടെ). ഇതിൽ വീഴ്ച വരുത്തുന്നവരുടെ നിരതദ്രവ്യം കിലയിലേക്ക് മുതൽകൂട്ടുന്നതും തൊട്ടടുത്ത ക്വൊട്ടേഷൻ/ലേലക്കാരന്റെ പേരിൽ താല്ക്കാലികമായി ഉറപ്പിച്ചു നൽകുന്നതുമാണ്.

ലേലം സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് കിട്ടിയാൽ 7 ദിവസത്തിനുള്ളിൽ ലേലക്കാരൻ ടി വാഹനം സ്വന്തം ചിലവിൽ കിലയുടെ സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്നപക്ഷം ലേലതുക കിലയിലേക്ക് മുതൽകൂട്ടുന്നതും വക പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം കിലയിലേക്ക് മുതൽകൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ കിലക്ക് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിനും ആദ്യം ലേലംകൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്.

ക്വൊട്ടേഷൻ നൽകുന്ന വ്യക്തിയ്ക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടിയാൻ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല. എന്നാൽ ക്വൊട്ടേഷന്റെ കൂടെ സമർപ്പിച്ചിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഹാജരാക്കേണ്ടതാണ്.

ലേല/ക്വൊട്ടേഷൻ തീയതികളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം കില ഡയറക്ടറിൽ നിക്ഷിപ്തമാണ്. യാതൊരു കാരണവും പറയാതെ തന്നെ ലേലം നീട്ടിവെയ്ക്കുന്നതിനോ നിറുത്തിവയ്ക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്.

ലേല/ക്വൊട്ടേഷനുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് വാഹനം നേരിൽ കാണുന്നതിനുള്ള സൗകര്യം ലേലത്തിന് മുമ്പുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ഉണ്ടായിരിക്കും.

ഡയറക്ടർ

മുളങ്കുന്നത്തുകാവ്,

20.03.2017

http://www.kilaonline.org/
QEwX-raH-oqFH-ximrN
Document 2017/101/3364 - GENERAL - File No. 2016/101/1395
Approved by Director on 21/03/2017 17:12:35
KILA,Mulankunathukkavu , Thrissur